തീര നിയന്ത്രണ നിയമം

31 (2960)ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര നിയന്ത്രണ നിയമത്തിൽ വരുത്തിയിട്ടുള്ള അയവുകൾ എന്തെല്ലാമാണ്;

(ബി) ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം പര്യാപ്തമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) കടൽ തീരത്തുനിന്ന് 200 മീറ്റർവരെയുള്ള പ്രദേശത്ത് വീടു വയ്ക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഈ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനും കടലോര ടൂറിസ വികസനത്തിനും വിഘാതമാകുമോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം അനന്തര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1997 -ജൂലൈ മാസം 9-ാം തീയതി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വരുത്തിയിട്ടുള്ള അയവുകൾ പ്രധാനമായും തുറമുഖ ഹാർബർ വകുപ്പുകളുമായി ബന്ധപ്പെട്ട സൗകര്യങ്ങളെക്കുറിച്ചും കടലാക്രമണം, മലിനീകരണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ എന്നിവയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. കൂടാതെ ജലവിതരണം, ഡ്രെയിനേജ്, സീവേജ് എന്നിവയുടെ പ്രവർത്തനങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങളും അതോറിറ്റിയുടെ അനുമതിയോടെ അനുവാദം നൽകാൻ ഇപ്പോൾ സാദ്ധ്യമാണ്.

(ബി) ഇല്ല.

(സി) വീട് വയ്ക്കുന്നതിന് തീരദേശ നിന്ത്രണ മേഖലാ III-ൽ അനുവദിച്ചിട്ടില്ല.

(ഡി) പകരം സംവിധാനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നില്ലെങ്കിൽ ഈ നിയമം പ്രസ്തുത മേഖലകളിൽ വിഘാതങ്ങൾ സൃഷ്ടിക്കും.

(ഇ) ബന്ധപ്പെട്ട മേഖലകളിൽ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly